മാധ്യമ പ്രവർത്തകർക്ക് അനുവാദം നൽകൽ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സാധാരണ ഗതിയിൽ ചോദ്യോത്തരവേള തത്സമയം ചിത്രീകരിക്കുന്നതിനായി ദൃശ്യമാധ്യമങ്ങളെ അനുവദിച്ചിരുന്നു. എന്നാൽ ഇന്ന് ചോദ്യോത്തരവേള ചിത്രീകരിക്കുന്നതിന് ദൃശ്യമാധ്യമങ്ങൾ ഇല്ലായിരുന്നു. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് ചോദ്യോത്തരവേളകൾ ലൈവായി ചിത്രീകരിക്കുവാനുള്ള അനുവാദം ദൃശ്യമാധ്യമങ്ങൾക്കുകൂടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് നല്ലതായിരിക്കുമെന്ന് എനിക്ക് തോന്നുന്നു.

മി. സ്പീക്കർ: അത് നമ്മൾ തയ്യാറാക്കി മാധ്യമങ്ങൾക്ക് പൂർണ്ണമായും നൽകിക്കൊണ്ടിരിക്കുകയാണ്. മാധ്യമ പ്രവർത്തകർ അകത്ത് പ്രവേശിക്കുന്നില്ലായെന്ന് മാത്രമേയുള്ളൂ. പി.ആർ.ഡി. വഴി സഭാനടപടികൾ ദൃശ്യമാധ്യമങ്ങൾക്ക് ലഭ്യമാകുന്ന നിലയിൽ ലൈവായിത്തന്നെ കൊടുത്തിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ആദ്യത്തെ ദിവസം നടന്നതിനെ സംബന്ധിച്ച് പരാതിയുണ്ട്. സെലക്ടീവായ കാര്യങ്ങളാണ് ഇവിടെനിന്ന് കൊടുക്കുന്നത്. അവർക്ക് ഇഷ്ടമുള്ളത് മാത്രമാണ് കാണിക്കുന്നത്. സഭയിൽ

ദൃശ്യമാധ്യമങ്ങളുടെ പ്രവേശനം അനുവദിച്ചാൽ അവർക്ക് സ്വതന്ത്രമായി റിപ്പോർട്ട് ചെയ്യാൻ കഴിയും. ഇവിടെനിന്നും നൽകുന്നതിൽ ഡിസ്ക്രിമിനേഷനുണ്ടെന്നുള്ള പരാതി വളരെ വ്യാപകമാണ്.

മി. സ്പീക്കർ: വെബ്കാസ്റ്റിംഗിൽ മാത്രമാണ് അങ്ങനെ നിയന്ത്രിച്ച് നൽകുന്നത്. സഭാനടപടികൾ ലൈവായി കൊടുക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിരുന്നു. മറ്റ് രീതിയിലുള്ള ഒരു നിർദ്ദേശവും ഇവിടെനിന്നും നൽകിയിട്ടില്ല. അങ്ങനെ എന്തെങ്കിലുമുണ്ടെങ്കിൽ അത് പരിശോധിച്ച് പരിഹരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതിന് തൽസമയംതന്നെ കൊടുക്കുന്ന രീതികളുണ്ടല്ലോ. ആ രീതി സ്വീകരിച്ചാൽ മതിയാകും.

മി. സ്പീക്കർ: അങ്ങ് ഉന്നയിച്ച പരാതികൾ എന്തെങ്കിലുമുണ്ടെങ്കിൽ അത് പരിശോധിച്ച് നടപടി സ്വീകരിക്കും.